ഉത്തരം

(എ) റീജിയണൽ ഫെർഫോർമൻസ് ആഡിറ്റ് ഓഫീസർ-3, ജില്ലാ പെർഫോർമൻസ് ആഡിറ്റ് ആഫീസർ-14, റീജിയണൽ പെർഫോർമൻസ് ആഡിറ്റ് വിഭാഗം, (മുനിസിപ്പാലിറ്റികൾ) ജില്ലാ പെർഫോർമൻസ് ആഡിറ്റ് വിഭാഗം (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എന്നിവയിലേക്ക് വേണ്ട സെക്ഷൻ ഓഫീസർമാർ, ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കുമാർ, അസിസ്റ്റുമാർ, ക്ലാർക്കുമാർ എന്നിവരെ പുനർവിന്യാസം വഴി നിയമിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആഡിറ്റ് അതോറിറ്റി തദ്ദേശ ഭരണ വകുപ്പു സെക്രട്ടറിയാണ്. സംസ്ഥാന ആഡിറ്റ് ആഫീസർ എന്ന തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല.

(സി) സംസ്ഥാന ആഡിറ്റ് ഓഫീസർ തസ്തികയിൽ നിയമനം നടത്താത്തതിന്റെ പേരിൽ ജില്ലാ ആഡിറ്റാഫീസർമാർ നടത്തുന്ന പരിശോധനകളുടെ മേൽനടപടി എടുക്കാൻ കഴിയാതിരുന്നിട്ടില്ല. നടപടികൾ എടുക്കുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

38 (1789) വിദഗ്ദ്ധസമിതി അംഗങ്ങളുടെ ട്രെയിനിംഗിന് ചെലവായ തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതിയിലെ വിദഗ്ദ്ധ സമിതി അംഗങ്ങളുടെ ട്രെയിനിംഗ് ചെലവ്, ടി.എ., ഡി.എ. തുടങ്ങിയ ഇനങ്ങളിലായി ഇതുവരെ എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിദഗ്ദ്ധ സമിതി അംഗങ്ങൾക്ക് യാത്രാചെലവ്, ദിനബത്ത എന്നിവ നൽകാറില്ല. വിദഗ്ദ്ധ സമിതി അംഗങ്ങളുടെ പരിശീലനം, സമിതി യോഗത്തിനുള്ള സിറ്റിംഗ് ഫീ, ചായ, ലഘുഭക്ഷണം, സമിതിയുടെ പ്രവർത്തന ച്ചെലവ് എന്നീ ഇനങ്ങളിലായി 47.28 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

39 (1790) ജനകീയാസൂത്രണ പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ സമർപ്പിച്ച ജനകീയാസൂത്രണ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുവാൻ താമസം നേരിടാറുണ്ടോ:

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly